ഭരണഭാഷ
മാതൃഭാഷ

# കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ല - നെടുവത്തൂർ ഗ്രാമപഞ്ചായത്ത് - 2006-2007 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.13 - തടസ്സപ്പെടുത്തിയ തുക-സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാധാ)നം.465/2022/തസ്വഭവ. തിരുവനന്തപുരം, തീയതി.25/02/2022

---

പരാമർശം:-1. 20/08/2020- ലെ പഞ്ചായത്ത് ഡയറക്ടറുടെ പി.എ.എൻ/9660/2020-എം3(ഡി.പി) നമ്പർ കത്ത്.

2. 21/03/2021-ലെ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ ഡി.കെ.എസ്.എ/137/2021/ പി.റ്റി1 നമ്പർ കത്ത്.

## ഉത്തരവ്

കൊല്ലം ജില്ലയിലെ നെടുവത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2006-2007 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.13 പ്രകാരം 3.03,160/-രൂപ( മൂന്ന് ലക്ഷത്തി മൂവായിരത്തി നൂറ്റിഅറുപത് രൂപ മാത്രം) ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു. കൊല്ലം ജില്ലയിലെ നെടുവത്തൂർ ഗ്രാമപഞ്ചായത്തിന്റെ പ്രോജക്റ്റ് നം.എസ്.ഒ.62/05-06 പ്രകാരമുള്ള പ്രവൃത്തി ലക്ഷ്യം വച്ചിരുന്നത് പഞ്ചായത്ത് ഓഫീസിന്റെ ചുറ്റും പാറയടുക്കി മണ്ണൊലിപ്പ് തടഞ്ഞു ചുറ്റമതിൽ നിർമ്മിക്കുക എന്നതായിരുന്നു, എന്നാൽ ഫലത്തിൽ നടത്തിയിട്ടുള്ള പണിയുടെ പ്രയോജനം ലഭിച്ചത് സ്വകാര്യവ്യക്തിയുടെ ഭൂമിയ്ക്കായിരുന്നു എന്ന കാരണത്താലാണ്, ടി പ്രവൃത്തിയ്ക്കായി ചെലവഴിക്കേണ്ടിവന്ന 3,03,160/-( മൂന്ന് ലക്ഷത്തി മൂവായിരത്തി നൂറ്റിഅറുപത് രൂപ മാത്രം) രൂപ ഓഡിറ്റിൽ നിരാകരിച്ചിരിക്കുന്നതെന്നാണ് പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം സർക്കാരിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. റോഡ് നിരപ്പിൽ നിന്നും ഉയർന്ന് സമീപവാസികളുടെ പുരയിടത്തിനെക്കാൾ താഴ്ന്നപ്രദേശത്ത് സ്ഥിതിചെയ്യുന്ന നെടുവത്തൂർ ഗ്രാമപഞ്ചായത്തിന്റെ ചുറ്റമതിൽ നിർമ്മിച്ചത് ഒഴിവാക്കാനാവാത്ത പ്രവൃത്തിയായിരുന്നുവെന്നും ആയതിനാൽ മേൽതുകയ്ക്ക് സർക്കാർ സാധൂകരണം നൽകണമെന്നും പഞ്ചായത്ത് ഡയറക്ടർ സർക്കാരിനോട് ശുപാർശ ചെയ്തിരുന്നു.

നെടുവത്തൂർ ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നത് സമീപവാസികളുടെ പുരയിടത്തിനെക്കാൾ താഴ്ന്നപ്രദേശത്തായിരുന്നുവെങ്കിലും റോഡ് നിരപ്പിൽ നിന്നും ഉയർന്നായിരുന്നതിനാൽ ചുറ്റും പാറയടുക്കി മണ്ണൊലിപ്പ് തടയാനായി ചുറ്റമതിൽ നിർമ്മിച്ചത് ഒഴിവാക്കാനാവാത്ത പ്രവൃത്തിയായിരുന്നു എന്ന നെടുവത്തൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 24/11/2018 -ലെ XI (8)-ാം നമ്പർ തീരുമാനം, ജില്ലാ ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 10-02-2020- ലെ 9-ാം നമ്പർ അനുകൂല തീരുമാനം എന്നിവ പരിഗണിച്ചും, മേൽ ഖണ്ഡികയിന്മേലുള്ള ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സാധൂകരണം നല്കുന്ന വിഷയത്തിൽ എതിരഭിപ്രായമില്ലെന്നും യുക്തമായ തീരുമാനം സർക്കാർ തലത്തിൽ സ്വീകരിക്കാവുന്നതാണെന്ന് പരാമർശം(2) പ്രകാരം ഓഡിറ്റ് ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക ചെലവഴിച്ചത് തികച്ചും ഒഴിവാക്കാനാവാത്ത പ്രവൃത്തിയ്ക്കായിരുന്നുവെന്ന വസ്തുത കണക്കിലെടുത്തും പഞ്ചായത്ത് ഡയറക്ടറുടെ അനുകൂല റിപ്പോർട്ട്, പഞ്ചായത്ത് ഭരണസമിതി , ജില്ലാ തല മോണിറ്ററിംഗ് സമിതി എന്നിവയുടെ അനുകൂല തീരുമാനങ്ങൾ ഓഡിറ്റ് ഡയറക്ടറുടെ അഭിപ്രായം എന്നിവ പരിഗണിച്ച് കൊല്ലം ജില്ലയിലെ നെടുവത്തൂർ ഗ്രാമപഞ്ചായത്തിലെ - 2006-2007 വർഷത്തെ ഓഡിറ്റിൽ ഖണ്ഡിക 3.13 പ്രകാരം തടസ്സപ്പെടുത്തിയ 3,03,160/-( മൂന്ന് ലക്ഷത്തി മൂവായിരത്തി നൂറ്റി അറുപത് രൂപ മാത്രം) രൂപയ്ക്ക് സാധൂകരണം നല്കി ഉത്തരവാകുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**രജി രാജേന്ദ്രൻ**
**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഓഡിറ്റ് ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
സെക്രട്ടറി, നെടുവത്തൂർ ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**